**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ ഗുണഫലങ്ങൾ നവസംരംഭകർക്ക് പകർന്ന് നൽകുന്നതിനായി ആരംഭിച്ച സംരംഭക വർഷം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 2022-23 സംരംഭകവർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച് കൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിരുന്നു.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഈ പദ്ധതിയുടെ തുടർച്ചയെന്നോണം സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 1,03,596 പുതിയ സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കുകയും അതുവഴി 7048.66 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>സംരംഭകവർഷം 2022-23-ന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കി വേണ്ട സഹായങ്ങൾ നല്കുന്നതിനായി EDE (Enterprise Development Executive)-മാർ എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റ കളക്ഷൻ നടത്തുകയുംചെയ്തു. ഇതോടൊപ്പം എല്ലാ |

| | | | |
|---|---|---|---|
| | | | സംരംഭത്തിന്റെയും ജിയോടാഗ്ഗിങ്ങും നടപ്പിലാക്കി. തുടങ്ങി ആദ്യവർഷം തന്നെ പൂട്ടിപോകുന്ന സംരംഭങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ ദേശീയ ശരാശരിയായ 30% -ത്തെ അപേക്ഷിച്ച് കേരളത്തിൽ ഇത് 15% മാത്രമാണ് എന്ന് ഈ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സമഗ്ര വിജയത്തിനായി മറ്റു വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | സംരംഭകവർഷം പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം വനിതാശിശുക്ഷേമം, പട്ടികജാതി പട്ടികവർഗ വികസനം, ധനകാര്യം, ഐടി ക്ഷീരവികസന, ഫിഷറീസ് തുടങ്ങി വിവിധ വകുപ്പുകളുടെയും, കുടുംബശ്രീ, ബാങ്കുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.<br><br>എല്ലാ തദ്ദേശസ്ഥാപനത്തിലു നടപ്പിലാക്കുന്ന പൊതു ബോധവൽക്കരണ പരിശീലന പരിപാടികൾ, ലോൺ ലൈസൻസ് സബ്സിഡി മേളകൾ, ഹെൽപ് ഡെസ്കുകൾ തുടങ്ങിയവയിൽ വിവിധവകുപ്പുകളുടെ പങ്കാളിത്ത ഉറപ്പുവരുത്താറുണ്ട്. ഇതോടൊപ്പം വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മാർക്കറ്റിംഗ് ട്രേഡ്ഫയറുകളു എം.എസ്.എം.ഇ-കളുടെ വിജയത്തിനായി സംഘടിപ്പിച്ചു വരുന്നു. |
| (സി) | പദ്ധതി പ്രവർത്തനം മുന്നോട്ട് പോകുന്നതിനുള്ള അംഗീകാരമെന്ന നിലയിൽ ദേശീയ പുരസ്കാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 2023 ജനുവരിയിൽ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ സംരംഭകവർഷം പദ്ധതിയെ “Best Practice” ആയി തെരഞ്ഞെടുത്തിരുന്നു. |

സെക്ഷൻ ഓഫീസർ